കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1804/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 31/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1804/2017 തീയതി: 31/10/2017

## കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-02-2016 മുതൽ 08-09-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.9.2017 മുതൽ 23.9.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഐസക്ക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജയകുമാരിഅമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.നളിനിയമ്മ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.വി.എൻ.ഫിലിപ്പ് | 1.4.16മുതൽ 8.9.16 വരെ |
| | ശ്രീ.ജി.ജോസ് | 9.9.16മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ശ്രീ.ആർ.വൈശാഖൻ | 1.4.16 മുതൽ 31.3.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.രാധാമണി | 1.4.16മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽകുമാർ | 1.4.16മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീ.കെ.എസ്.സചിത | 1.4.16മുതൽ 31.3.17 വരെ |
| വെറ്റിനറി സർജൻ | ഡോ.ആനന്ദ് രാധാകൃഷ്ണൻ | 1.4.16മുതൽ 31.3.17 വരെ |
| വി.ഇ.ഒ-1 | ശ്രീ.ബിനുകുമാർ.എം.ആർ | 1.4.16മുതൽ 31.3.17 വരെ |
| വി.ഇ.ഒ-2 | ശ്രീ.ജയകുമാരൻ | 1.4.16മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുജ | 1.4.16മുതൽ 21.10.16 വരെ |
| | ഡോ.ഹരീഷ് | 22.10.16മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ദീപ | 1.4.16മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബാലചന്ദ്രൻ | 1.4.16 മുതൽ 20.12.16 വരെ |
| | ശ്രീ.രാധാകൃഷ്ണപിള്ള | 21.12.16മുതൽ 31.3.17 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സി.പി.അജിത്ത്കുമാർ | 1.4.16മുതൽ 31.3.17 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതിഅവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവറുകളിൽനിന്നു വസ്തുനികുതി ഈടാക്കുന്നില്ല | 2-1 |
| 13 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-2 |

| | | |
|---|---|---|
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല | 2-3 |
| 15 | ഡി&ഒലൈസൻസ് ഈടാക്കുന്നില്ല | 2-4 |
| 16 | ഒപ്റ്റിക്കൽ ഫൈബർകേബിൾ സ്ഥാപിക്കൽ - വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 17 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിലുള്ള 25,165/-രൂപ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 18 | കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്താത്തതിനാൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു | 3-1 |
| 19 | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-ടെണ്ടർനിരക്കിൽ അധികംനൽകി | 3-2 |
| 20 | ഗ്രാമകേന്ദ്രത്തിന് ഫർണ്ണിച്ചർ വാങ്ങൽ-പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 3-3 |
| 21 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ -തുക നൽകി-മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-4 |
| 22 | പത്താംതരം തുല്യതാപഠനം(പ്രോജക്ട് നം.137/17)-വിശദാംശങ്ങൾ ലഭ്യമായില്ല | 3-5 |
| 23 | പ്രതിഭാസംഗമം-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-6 |
| 24 | കുടിവെള്ളക്കിണർ നിർമ്മാണം-പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 3-7 |
| 25 | സേവനനികുതി ഈടാക്കി ഒടുക്കുവരുത്തിയില്ല- കേന്ദ്രഫണ്ടിന് നഷ്ടം-1,12,642/-രൂപ | 3-8 |
| 26 | ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക-22,87,507/- രൂപ | 3-9 |

| | | |
|---|---|---|
| 27 | സ്ട്രീറ്റ് ലൈറ്റുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല | 3-10 |
| 28 | സ്കൂളുകളിൽ വായനാക്കൂട്ടം രൂപീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-11 |
| 29 | നിർവഹണോദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നു. | 3-12 |
| 30 | അനുവദിച്ച ഗ്രാന്റുതുക വിനിയോഗിച്ചില്ല – 3.4 കോടി രൂപ പാഴാക്കി | 3-13 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.2016 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 27.7.17 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 20.9.17 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

1.ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക വാർഷികധനകാര്യപത്രികപ്രകാരം 21,49,323 രൂപയാണ്, എന്നാൽ സഞ്ചയപ്രകാരം 61,13,393 രൂപയാണ്.

2.ലൈബ്രറിസെസ്സ് ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയായി ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത് 2,57,699 രൂപയാണ്. ആയത് വസ്തുനികുതി കുടിശ്ശികയുടെ 5% അല്ല.

3.തൊഴിൽനികുതി (ട്രേഡേഴ്സ് ) ഇനത്തിലെ തൻവർഷത്തെ പിരിവ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം 3,25,890 രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രികപ്രകാരം പിരിവ് 3,23,390 രൂപയാണ്.

4.SBT കുളത്തുപ്പുഴ (അക്കൗണ്ട് നം.80048) അക്കൗണ്ടിന്റെ 31.3.17 ലെ നീക്കിയിരുപ്പ് ബാലൻസ്ഷീറ്റ്പ്രകാരം 2,872 രൂപയാണ്. എന്നാൽ പാസ്ബുക്ക്പ്രകാരം നീക്കിയിരുപ്പില്ല.

## 1-4 സാമ്പത്തികവിശകലനം

മുന്നിരിപ്പ് - 4,20,81,398

വരവ് - 9,43,46,843

ആകെ - 13,64,28,241

ചെലവ് - 8,60,57,129

നീക്കിയിരിപ്പ്- 5,03,71,112

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | - | 2,72,40,425 | 2,72,40,425 | 2,72,40,425 | - | 100 |
| വികസന ഫണ്ട് എസ്.സി.പി. | - | 1,12,36,467 | 1,12,36,467 | 1,12,36,467 | - | 100 |
| വികസന ഫണ്ട് ടി.എസ്.പി. | - | 30,54,387 | 30,54,387 | 30,54,387 | - | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 12,96,511 | 12,96,511 | 12,96,511 | - | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | _ | 37,68,423 | 37,68,423 | 37,68,423 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | 1,01,54,139 | 1,01,54,139 | 1,01,54,139 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | _ | 43,64,468 | 43,64,468 | 43,64,468 | - | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | _ | 4,05,73,206 | 4,05,73,206 | 4,04,90,022 | 83,184 | 99.79 |
| ബി ഫണ്ട് | - | 5,20,320 | 5,20,320 | 5,20,320 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 16,53,44,718 | 93 | 6,66,92,157 | 17 | 78 | 40 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപറയുംപ്രകാരം 13 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,03,680 | 62,20,627 | 16,16,947 | 2.6%(+) |
| നികുതിയേതര വരവുകൾ | 23,04,560 | 22,16,647 | 87,913 | 3.8%(-) |
| മറ്റുവരവുകൾ | 1,04,83,486 | 1,15,29,180 | 10,45,694 | 8.8(+) |
| ആകെ | 1,73,91,726 | 1,99,66,454 | 25,68,733 | 13% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2,20,320 | 135 |
| കർഷകതൊഴിലാളിപെൻഷൻ | 36,19,140 | 465 |
| വിധവാപെൻഷൻ | 1,57,15,410 | 1,675 |
| വാർദ്ധക്യകാലപെൻഷൻ | 2,67,70,445 | 2,871 |
| വികലാംഗപെൻഷൻ | 40,74,925 | 449 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,08,500 | 28 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.9.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,080/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചുവരുന്നു. മിനിട്സ് ബുക്കിലെ പേജുകൾ ഒഴിച്ചിടുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.5.17-31.5.17 | 3/2017 | PA 5/969/16 /11.7.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.13 | 2011-12 | 21.8.13 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽനിന്നു വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മൊബൈൽ ടവറുകളിൽനിന്ന് 2016-17 വരെ വസ്തുനികുതിയിനത്തിൽ ഈടാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ടവറിന്റെ പേര് | വാർഷിക വസ്തുനികുതി | 2016-17വരെ ഈടാക്കാനുള്ള വസ്തുനികുതി |
|---|---|---|---|---|
| 1 | 10/213 | എസ്സാർ ടെലികോം | 7875 | 63,000 |
| 2 | 16/233 | ഭാരതി എയർടെൽ | 5775 | 46,200 |
| 3 | 17/391 | ഭാരതി എയർടെൽ | 7875 | 63,000 |

| | | | | |
|---|---|---|---|---|
| 4 | 19/535 | ഭാരതി എയർടെൽ | 10238 | 81,904 |
| 5 | 19/595 | ഇൻഡസ് ടവർ | 8820 | 70,560 |
| ആകെ | | | | 3,24,664 |

മൊബൈൽടവറുകളിൽനിന്നും 3,24,664 രൂപ വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 15/23.9.17-ാം നം എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മേൽ ടവറുകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് 2016-17 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർധവർഷം |
|---|---|---|
| 1 | സെവൻത്ഡേ അഡ്വെന്റിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 2 | ഗ്രീൻവാലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 3 | ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 4 | കെ.എം.ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |

| | | |
|---|---|---|
| 5 | കെ.എം.ജെ ഐ.ടി.ഐ | I, II |
| 6 | കെ.എസ്.ഇ.ബി, കുളത്തൂപ്പുഴ | II |
| 7 | ബി.എസ്.എൻ.എൽ, കുളത്തൂപ്പുഴ | I, II |
| 8 | ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് | I, II |

3.താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർധവർഷം |
|---|---|---|
| 1 | സെവൻത്ഡേ അഡ്വെന്റിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 2 | ഗ്രീൻവാലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 3 | ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 4 | കെ.എം.ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 5 | കെ.എം.ജെ ഐ.ടി.ഐ | I, II |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ 6/20.9.17നം എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപറയുന്ന വാടകക്കാരിൽനിന്നും വാടക ഈടാക്കാനുള്ളതായി കാണുന്നു.

| ക്രമ നം | റൂം നമ്പർ | പേര് | പ്രതിമാസ വാടക | പ്രതിവർഷ വാടക | പിരിവ് | ഈടാക്കാൻ ബാക്കി |
|---|---|---|---|---|---|---|
| 1 | 8B | അരുൺ | 764 | 9168 | 0 | 9,168 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 8D | അയ്യപ്പൻ | 485 | 5820 | 0 | 5,820 |
| 3 | 8PGH | സുരേന്ദ്രൻനായർ | 639 | 7668 | 3834 | 3,834 |
| 4 | 9PGH | ബി.രാജീവ് | 513 | 6156 | 3078 | 3,078 |
| 5 | 10PGH | പി.അനിൽകുമാർ | 639 | 7668 | 0 | 7,668 |
| 6 | 1 to 4 PGH | എക്സി.എഞ്ചിനിയർ കെഎസ്ഇബി | 1992 | 23904 | 21912 | 1,992 |
| 7 | 8E | സരസ് | 980 | 11760 | 0 | 11,760 |
| ആകെ | | | | | | 43,320 |

മേൽ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ 7/20.9.17-ാംനം. എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല.

മേൽ വാടകക്കാരിൽനിന്നും വാടക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒലൈസൻസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പനിയിൽനിന്ന് നാളിതുവരെ ഡി&ഒ ലൈസൻസ് ഈടാക്കുന്നില്ല. ഇക്കാര്യം കാണിച്ച് നൽകിയ 11/22.7.17നം എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിൽനിന്ന് ഡി&ഒ ലൈസൻസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡി&ഒ ലൈസൻസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഒപ്റ്റിക്കൽ ഫൈബർകേബിൾ സ്ഥാപിക്കൽ - വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് റോഡിൽ ഒപ്റ്റിക്കൽ ഫൈബർകേബിൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോടെക് ലിമിറ്റഡ് റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ 2,42,340രൂപ (DD നം.964009/20.2.16) പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഹാജരാക്കുന്നതിന് നൽകിയ 13/22.9.17 നം എൻക്വയറിക്ക് മറുപടി നൽകുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് റോഡിൽ ഒപ്റ്റിക്കൽ ഫൈബർകേബിൾ സ്ഥാപിച്ചതിന് റിലയൻസ് ജിയോ ഇൻഫോടെക് ലിമിറ്റഡിൽനിന്നും നിയമാനുസൃത വാടക ജി.ഒ.എം.എസ് നം.16/2013/LTD, തീ-14.6.2013-ന്റെ അടിസ്ഥാനത്തിൽ കൃത്യമായി ഈടാക്കേണ്ടതും സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ സ്ഥാപനം

പാലിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.ഫയൽ പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിലുള്ള 25,165/-രൂപ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2016-17 വർഷം ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫോറ വില (വാറ്റ് ഉൾപ്പടെ) (രൂപ) | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ആകെ തുക (രൂപ) |
|---|---|---|---|---|
| 1 | വില്ലുമല LPS-ന് ക്ലാസ്റൂം നിർമ്മാണം | 1050/- | 2 | 2,100/- |
| 2 | പഞ്ചായത്ത് ടൂറിസ്റ്റ് ഹോം- റൂഫിംഗ്, അറ്റകുറ്റപ്പണി. | 735/- | 3 | 2,205/- |
| 3 | നെല്ലിമൂട് ചാവരുകാവ് റോഡ് കോൺക്രീറ്റിംഗ് | 525/- | 4 | 2,100/- |
| 4 | സാം നഗർ ചിറത്തലയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | 735/- | 4 | 2,940/- |
| 5 | സിലോൺമുക്ക് RPL റോഡ് ഐറിഷ് ഡ്രെയിനേജ് നിർമ്മാണം | 525/- | 4 | 2,100/- |
| 6 | തിങ്കൾകരിക്കം തടത്തിമുക്ക് ചെറുകര റോഡ് കോൺക്രീറ്റിംഗ് | 985/- | 7 | 6,895/- |
| 7 | നെടുവണ്ണൂർക്കടവ് വയറകുന്ന് റോഡ് കോൺക്രീറ്റിംഗ് | 525/- | 5 | 2,625/- |
| 8 | കുളത്തുപ്പുഴ KSRTC ടോയ് ലറ്റ് നിർമ്മാണം | 1,050/- | 3 | 3,150/- |
| 9 | മാത്തിക്കോണം ബംഗ്ലാവ് പടിക്കൽ | 525/- | 2 | 1,050/- |

| | | | | |
|---|---|---|---|---|
| | രാജൻ പടിക്കൽ റോഡ് കോൺക്രീറ്റിംഗ് | | | |
| ആകെ | | | | 25,165/- |

ടെണ്ടർ ഫോറം വില, വാറ്റ് എന്നീ ഇനത്തിൽ കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 25,165/-രൂപ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കെ.എസ്.ഇ.ബി-യുമായി സംയുക്തപരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു

2016-2017 വർഷത്തിൽ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് നൽകി വരുന്നതായി വ്യക്തമാകുന്നു. പഞ്ചായത്തിൽ നാളിതുവരെ കെ.എസ്.ഇ.ബി-യുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി. കുളത്തൂപ്പുഴ സെക്ഷനിൽനിന്നും നൽകിയ വിശദമായ ബില്ല് പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ താഴെപറയുന്നപ്രകാരം തെരുവുവിളക്കുകൾക്ക് പ്രവർത്തനചാർജ്ജ് ഈടാക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | ഉപയോഗസമയം (മണിക്കൂർ) | നിരക്ക് | തുക |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 299 | 12 | 61 | 18,239 |
| സിംഗിൾ ട്യൂബ് (40 വാട്ട്സ്) | 172 | 12 | 61 | 10,492 |

| | | | | |
|---|---|---|---|---|
| ഡബിൾ ട്യൂബ് (2 x 40 വാട്ട്സ്) | 138 | 12 | 124 | 17,112 |
| സി.എഫ്.എൽ (2x11 വാട്ട്സ്) | 757 | 12 | 14 | 10,598 |
| എസ്.വി.എൽ (250 വാട്ട്സ്) | 40 | 12 | 414 | 16,560 |
| ആകെ | 1,406 | | | 73,001 |

മേൽ ബില്ലിൽ 299 സാധാരണബൾബുകൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിലേയ്ക്ക് പ്രതിമാസം 18,239/- രൂപ നൽകുന്നുണ്ട്. നിലവിൽ അടാട്ട് മാതൃകരീതിയിലാണ് തെരുവുവിളക്കുകൾ പരിപാലിക്കുന്നത്. ആയതിലെ രജിസ്റ്ററിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാക്കുന്നു. ഇങ്ങനെ ഇല്ലാത്ത ബൾബുകൾക്ക് വൈദ്യുതിചാർജ് അടയ്ക്കുന്നതുവഴി പഞ്ചായത്തിന് നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മേൽവിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/22.9.2017ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി-യിൽനിന്നും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരുംമാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സംയുക്തപരിശോധന നടത്തുന്നതിനും അധികം ഈടാക്കിയ തുക ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 <u>ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-ടെണ്ടർ നിരക്കിൽ അധികം നൽകി</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പ്രോജക്ടിനായി 5,00,000 രൂപ ലോകബാങ്ക് വിഹിതം വകയിരുത്തിയതിൽ 4,67,127 രൂപ ബിൽ നം. 11/16-17 /25.10.16 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. 5 വാർഡുകളിൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 40 W LED ലൈറ്റിന്റെ കുറഞ്ഞ ടെണ്ടർനിരക്ക് രേഖപ്പെടുത്തിയ സോൾ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ 79,890 (നികുതിയുൾപ്പെടാതെ) രൂപയുടെ ടെണ്ടർ അംഗീകരിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ ,ടി സ്ഥാപനത്തിന് 5 ലൈറ്റുകളുടെ വിലയായ 4,72,450 രൂപയിൽ (നികുതിയുൾപ്പെടെ)കുറതൽ തുകയായി 5% കിഴിച്ചുള്ള തുകയായ 4,48,827 രൂപയും വൈദ്യുതികണക്ഷൻ ലഭ്യമാക്കുന്നതിനായി

കെ.എസ്.ഇ.ബി-യ്ക്ക് 18,300 രൂപയും നൽകിയിട്ടുണ്ട് . ടെണ്ടറിൽ പറഞ്ഞിരിക്കുന്നപ്രകാരം ലൈറ്റൊന്നിന് 79,890 +5%(VAT) =83,884.5 പ്രകാരം 5 ലൈറ്റുകൾ വാങ്ങുന്നതിനായി 419422.5 രൂപ മാത്രമാണ്നൽകാവുന്നത്. എന്നാൽ, ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള തുകയേക്കാൾ 29,405 രൂപ അധികമായി നൽകി. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.1)60 W LED ലൈറ്റുകൾ എന്ന സ്പെസിഫിക്കേഷനുള്ള 94490 രൂപയുടെ ടെണ്ടർ അംഗീകരിച്ചതിനാലാണ് തുക നൽകിയത് എന്ന മറുപടി ലഭ്യമാക്കി. എന്നാൽ ടെണ്ടർ ക്ഷണിച്ചപ്പോൾ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിരുന്നില്ല. ആയതിനാൽ 29405 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഗ്രാമകേന്ദ്രത്തിന് ഫർണ്ണിച്ചർ വാങ്ങൽ-പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

ഗ്രാമകേന്ദ്രത്തിന് പ്രവർത്തനസാമഗ്രികൾ വാങ്ങൽ (പ്രോജക്ട് നം.4/17))എന്ന പ്രോജക്ടിനായി 5,68,000 രൂപ തനതുഫണ്ട് വകയിരുത്തി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിനായി 2,93,202 രൂപ ഡി.ഡി.നം.460846/27.6.16 പ്രകാരം തമ്പുരാൻകാലായിൽ ട്രേഡേഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വാങ്ങിയ ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ആംലെസ് നീൽക്കമൽ കസേര@476.86 X 400=1,90,744

VAT(14.5%)=27,657.88

2,18,402

സ്റ്റീൽ ടേബിൾ@ 3266.38 X 20=65,327.60

VAT(14.5%)= 9,472.50

74,800

ആകെ -2,93,202 /-

സ്റ്റോക്ക്രജിസ്റ്റർ പരിശോധിച്ചതിൽ 20 കസേരകളും 1 മേശയും വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. ഇതു സംബന്ധിച്ച് എൻക്വയറി നൽകിയതിൽ വാർഡുമെമ്പർ ഒപ്പു വയ്ക്കാൻ വിട്ടുപോയതാണ് എന്ന മറുപടി ലഭ്യമാക്കി. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഫർണ്ണിച്ചറുകളുടെ വിലയായ 14,660 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ - പൂർണ്ണമായും ലഭ്യമായിട്ടില്ല

2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ട്പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള ആശുപത്രികൾക്ക് മരുന്നുവാങ്ങലിനായി വിവിധ ഏജൻസികളിലേക്ക് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ ബിൽനം./ തീയതി/ ഡി.ഡി.നം | ലഭിച്ച മരുന്ന് തുക | ലഭിക്കാനുള്ളത് | തുക നൽകിയത് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 3,50,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3,50,000/ 698307/ 24.12.2016 | 3,36,808 | 13,192 | മാനേജിംഗ് ഡയറക്ടർ, ഔഷധി | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 1,00,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,00,000 18/16-17 /20.3.17 | - | 1,00,000 | മാനേജിംഗ് ഡയറക്ടർ, ഹോംകോ | സെക്രട്ടറി |
| പാലിയേറ്റീവ് കെയർ | 11,05,000 | 2,74,999/ 5/16-17 /23.1.17 | 1,24,500 | 1,50,499 | KMSCL | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| | | 370000 7/16-17 /31.3.17 | - | 3,70,000 | | |
| ആകെ | | | | 6,33,691 | | |

മരുന്ന് ലഭ്യമാകാത്തതിനാൽ 6,33,691 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പത്താംതരം തുല്യതാപഠനം(പ്രോജക്ട് നം.137/17)-വിശദാംശങ്ങൾ ലഭ്യമായില്ല

പഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത

പ്രോജക്ടിന്റെ ഭാഗമായി പത്താംക്ലാസ്സ് തുല്യതാപരീക്ഷയ്ക്കായി 20 പഠിതാക്കളുടെ ഫീസിനത്തിൽ 32,000 രൂപ പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്(ബിൽ നം.2/16-17 തീയതി:30.03.17) എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി തുക സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നല്കിയതായോ, പഠിതാക്കളെപ്പറ്റിയുള്ള വിവരങ്ങളോ, ഇവർ പരീക്ഷ എഴുതിയതിന്റെയോ, തുല്യതാപരീക്ഷ വിജയിച്ചതിന്റെയോ, വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് നല്കിയതിന്റെയോ വിശദാംശങ്ങൾ ലഭിച്ചില്ല. ഈ വിഷയത്തിന്മേൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/20.9.17) കൈപ്പറ്റുരസീത്, പരീക്ഷാ നടത്തിപ്പിന്റെ രേഖകൾ, സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നതുവരെ 32,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 <u>പ്രതിഭാസംഗമം-രേഖകൾ ഹാജരാക്കിയിട്ടില്ല</u>

2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രതിഭകളെ ആദരിക്കൽ (പ്രോജക്ട് നം.263/17) പ്രോജക്ടിനായി 1,00,000 രൂപ തനതുഫണ്ട് ചെക്ക് നം.166761/22.2.17പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. SSLC പരീക്ഷയ്ക്ക് A+ വാങ്ങിയ വിദ്യാർത്ഥികളെയും കലാകായിക മേഖലകളിൽ മികവു പുലർത്തിയ പ്രതിഭകളെയും ആദരിക്കുന്നതിനായി മെമന്റോ, സർട്ടിഫിക്കറ്റ്, മറ്റിന ചെലവുകൾക്കായിട്ടാണ് തുക ചെലഴിച്ചിട്ടുള്ളത്. എന്നാൽ A+ വാങ്ങിയ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, അവാർഡിന് അർഹരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ , ആർക്കൊക്കെ നല്കിയെന്നതു സംബന്ധിച്ച രേഖകൾ, മറ്റ് അനുബന്ധരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക്(നം.4/20.9.17) അനുബന്ധരേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 10,00,00/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 <u>കുടിവെള്ളക്കിണർനിർമ്മാണം-പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ</u>

അടങ്കൽ-8,80,000(വികസനഫണ്ട്)

ചെലവ്-8,36,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ, ഏഴംകുളം

1.യൂണിറ്റ് കോസ്റ്റിന് അധികരിച്ച് തുക നൽകി.

ബിൽ നം.7/16-17/24.3.17

ഗവ.ഉത്തരവ് നം.362/2013 തസ്വഭവ 16.11.13 പ്രകാരം ഗുണഭോക്താക്കൾക്ക് കുടിവെള്ളക്കിണർ നിർമ്മാണത്തിന് നൽകാവുന്ന സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 75% അല്ലെങ്കിൽ പരമാവധി 22,000 രൂപയാണ്. എന്നാൽ സുരേന്ദ്രൻ, ലക്ഷ്മി വിലാസം എന്ന ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റായ 27,946 രൂപയുടെ 75% സബ്സിഡി തുകയായ 20,960രൂപയ്ക്കുമാത്രമാണ് അർഹതയുള്ളത്. ടിയാന് 22,000 രൂപ നൽകിയിട്ടുണ്ട്. 1,040 രൂപ അധികം നൽകിയതിന് വിശദീകരണം നൽകുന്നതിനായി എൻക്വയറി (നം.9/22.9.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. യൂണിറ്റ് കോസ്റ്റിന് അധികരിച്ച് തുക നൽകിയ 1,040/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2.രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വാല്യുവേഷനും എസ്റ്റിമേറ്റും തുക നൽകി.

| വാർഡു നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|---|
| XV | ജാസ്മിൻ | 22,000 | 2/16-17/25.2.17 |
| IX | സുകുമാരൻ നായർ | 22,000 | 7/16-17/24.3.17 |

വിശദീകരണം നൽകുന്നതിനായി എൻക്വയറി (നം.9/22.9.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 44,000/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 സേവനനികുതി ഈടാക്കി ഒടുക്കുവരുത്തിയില്ല- കേന്ദ്രഫണ്ടിന് നഷ്ടം- 1,12,642/-രൂപ

അസി.എഞ്ചിനീയർ മുഖേന തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ, ആകെ പ്രവൃത്തിമൂല്യത്തിന്റെ 10.5% നിരക്കിൽ സേവനനികുതി കണക്കാക്കി തുക പിൻവലിച്ച് ഒടുക്കിയിട്ടില്ല. ഈയിനത്തിൽ കേന്ദ്രഫണ്ടിന് ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിവരം | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ട സേവന നികുതി (ആകെ പ്രവൃത്തിമൂല്യ |
|---|---|---|---|

| | | | |
|---|---|---|---|
| | | | ത്തിന്റെ 10.5% നിരക്കിൽ) |
| 1 | നം.S0196/17<br>ESM കോളനി ബഡ്സ്കൂൾ കെട്ടിടം- റൂഫിംഗ്, അറ്റകുറ്റപ്പണി.<br>ബിൽ നം./തീയതി- 34/16-17 /29.3.17 | 2,56,183/- | 26,899/- |
| 2 | നം.S0195/17<br>ചോഴിയക്കോട് സാംസ്കാരിക നിലയം അറ്റകുറ്റപ്പണി.<br>ബിൽ നം./തീയതി- 26/16-17 /16.3.17 | 1,59,570/- | 16,755/- |
| 3 | നം.S0043/17<br>ചോഴിയക്കോട് LPS-ന് സ്മാർട്ട് ക്ലാസ്സ് റൂം അറ്റകുറ്റപ്പണി.<br>ബിൽ നം./തീയതി- 25/16-17 /16.3.17 | 2,28,598/- | 24,003/- |
| 4 | നം.S0198/17<br>പഞ്ചായത്ത് ടൂറിസ്റ്റ് ഹോം- റൂഫിംഗ്, അറ്റകുറ്റപ്പണി.<br>ബിൽ നം./തീയതി- 11/16-17/27.1.17 | 2,25,979/- | 23,728/- |
| 5 | നം.S0197/17<br>ചന്ദനക്കാവ് ആയുർവേദാശുപത്രി അറ്റകുറ്റപ്പണി.<br>ബിൽ നം.23/16-17തീയതി-18.3.17 | 2,02,448/- | 21,257/- |
| ആകെ | | | 1,12,642/- |

സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരിക്കെ ആയത് ബില്ലുകൾ പ്രകാരം പിൻവലിക്കാതിരുന്ന നടപടി ക്രമവിരുദ്ധമാണ്. കേന്ദ്രഫണ്ടിന് ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക-22,87,507/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് വിവരം | ബിൽ നം./തീയതി | തുക (രൂ) |
|---|---|---|---|
| 1 | നം.S0044/17 കടമാൻകോട് എൽ.പി.എസ്-ന് സ്മാർട്ട് ക്ലാസ് റൂം, അറ്റകുറ്റപ്പണി. | 40/16-17 /31.3.17 | 1,12,924/- |
| 2 | നം. S0037 ഗ്രാമപഞ്ചായത്ത് ഓഫീസ് കെടിടനിർമ്മാണം | 35/16-17 /31.3.1 | 21,74,583/- |
| ആകെ | | | 22,87,507/- |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.8/20.9.2017) മറുപടിയിൽ ആയവ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ മേൽ സൂചിപ്പിച്ച ചെലവുതുക 22,87,507/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സ്ട്രീറ്റ് ലൈറ്റുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ

ഗ്രാന്റ് 6,00,000 രൂപ വകയിരുത്തിയതിൽ 5,67,340 രൂപ ബിൽനം. 25/16-17 /30.3.17 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കൊച്ചുമേലതിൽ ഏജൻസീസ്, കുണ്ടറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 2X11WAutomatic CFL set 350എണ്ണം 1,603 രൂപ (VATഉൾപ്പെടെ)നിരക്കിൽ രൂപ ടി സ്ഥാപനത്തിനും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ മേൽനോട്ടത്തിനായി 6,290 രൂപ കെ.എസ്.ഇ.ബി യ്ക്കും ഉൾപ്പെടെയാണ് തുക ചെലവഴിച്ചത്. 350 ലൈറ്റുകൾ വാങ്ങിയതിൽ 340 ലൈറ്റുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി കത്തു നൽകിയിട്ടുണ്ട്. സ്റ്റോക്ക്രജിസ്റ്റർ പരിശോധിച്ചതിൽ 340 ലൈറ്റുകൾ വിതരണം ചെയ്തതായും കാണുന്നു. ടെണ്ടർ ക്ഷണിച്ചതിൽ KAICO എന്ന സ്ഥാപനം ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ഒരെണ്ണത്തിന് 1,665 രൂപ നിരക്കിലുള്ള ടെണ്ടറാണ് സമർപ്പിച്ചത്. എന്നാൽ കൊച്ചുമേലതിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് തുക ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയാണ് നൽകിയതെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കുന്നതിനും ലൈറ്റുകൾ പൂർണ്ണമായി സ്ഥാപിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 16/23.9.17) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈറ്റുകൾ പൂർണ്ണമായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 സ്കൂളുകളിൽ വായനാക്കൂട്ടം രൂപീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല

പഞ്ചായത്തുപ്രദേശത്തെ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്കൂളുകളിൽ വായനാക്കൂട്ടം രൂപീകരണം എന്ന പ്രോജക്ടിനായി 2,00,000 വകയിരുത്തിയതിൽ 1,16,760 രൂപ ചെലവഴിച്ചു. 10സ്കൂളുകളിലെ 1,112 കുട്ടികൾക്ക് 7 മാസത്തേക്ക് 15 രൂപ നിരക്കിൽ തളിര് മാസിക ലഭ്യമാക്കുന്നതിനായി ടി തുക ചെക്ക് നം 947478/22.2.17 പ്രകാരം ജില്ലാ പ്രൊമോട്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയിട്ടുണ്ട്. എന്നാൽ, ജി.എൽ.പി.എസ്, റോസുമല (8കുട്ടികൾ) സ്കൂളിലെ കുട്ടികൾക്ക് മാസിക ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.4) ആയത് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ 840/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 നിർവഹണോദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നു

ജി.ഓ.(പി) നം. 516/2004/ധന തീ-3.11.2004 ഉത്തരവുപ്രകാരം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയതുമുതൽ ബാങ്കിംഗ് ട്രഷറി മുഖേന ബില്ലുമാറുന്ന പഞ്ചായത്തുകളിൽ നിർവഹണേദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ, ചുവടെക്കൊടുക്കുന്ന നിർവഹണേദ്യോഗസ്ഥർ പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നതായി കാണുന്നു.

| നിർവഹണേദ്യോഗസ്ഥർ | അക്കൗണ്ട് നം. | തുക |
|---|---|---|
| അസി.എൻജിനീയർ | 67054837277 | 4619(31.7.17പ്രകാരം) |
| വെറ്ററിനറി സർജൻ | 40598101050622 | 624(1.8.17പ്രകാരം) |

നീക്കിയിരുപ്പ് തുക സർക്കാരിലേക്ക് തിരിച്ചടച്ച് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

## 3-13 അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചില്ല-4,36,25,801 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുത്തി

ഗ്രാമപഞ്ചായത്തിന് വികസനപ്രവർത്തനത്തിനായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാത്തതിനാൽ നഷ്ടമായ തുകയുടെ വിവരം ചുവടെച്ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷം അനുവദിച്ച തുക | തൻവർഷം ചെലവു ചെയ്ത തുക | നഷ്ടപ്പെടുത്തിയ തുക |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 3,79,65,939 | 2,72,40,425 | 1,07,25,514 |
| വികസനഫണ്ട് (SCP) | 1,42,52,094 | 1,12,36,467 | 30,15,627 |
| വികസനഫണ്ട് (TSP) | 48,75,564 | 30,54,387 | 18,21,177 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 94,54,791 | 12,96,511 | 81,58,280 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 57,40,488 | 37,68,423 | 19,72,065 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,02,54,825 | 1,01,54,139 | 1,01,00,686 |
| പെർഫോമൻസ് ഗ്രാന്റ് | 1,21,96,920 | 43,64,468 | 78,32,452 |

| ആകെ | 4,36,25,801 |
|---|---|

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | 100/17 ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റുവർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 20/16-17 /16.3.17 | 4,00,000 | 3,99,300 | 700 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 20/16-17 /16.3.17 | 5,00,000 | 5,00,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,01,000 |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| ആകെ | 15,01,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,01,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 15,00,000 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,000 |
| ആകെ | 15,01,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,718 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 11-12 | 2 | 3,718 | എസ്.കനകരാജ്, സീനിയർ ക്ലാർക്ക് | 11601103429/ 13.12.16 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതി ദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 34 | 2003-2004 | പദ്ധതി നിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,43,46,843 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,60,57,129 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,040 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,42,103 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7(1) | | 1,040 | ശ്രീ.ജയകുമാരൻ,വി.ഇ.ഒ,ഏഴംകുളം |
| ആകെ | | 1,040 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 14,660 | ശ്രീ.ഫിലിപ്പ്.വി.എൻ,സെക്രട്ടറി |
| 3-3 | 29,405 | ശ്രീ.ഫിലിപ്പ്.വി.എൻ,സെക്രട്ടറി |
| 3-4 | 6,33,691 | 13,192- ഡോ.ദീപ,മെഡിക്കൽ ഓഫീസർ,ആയുർവേദം |
| | | 1,00,000 -ശ്രീ.ജി.ജോസ്,സെക്രട്ടറി |
| | | 5,20,499- ഡോ.ഹരീഷ്,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 3-5 | 32,000 | ശ്രീമതി.സി.എൻ.രാധാമണി,ഹെഡ്മിസ്ട്രസ്സ് |
| 3-6 | 1,00,000 | ശ്രീമതി.സി.എൻ.രാധാമണി,ഹെഡ്മിസ്ട്രസ്സ് |
| 3-7(2) | 44,000 | ശ്രീ.ജയകുമാരൻ,വി.ഇ.ഒ,ഏഴംകുളം |
| 3-9 | 22,87,507 | ശ്രീ.വൈശാഖൻ, അസി.എഞ്ചിനീയർ |
| 3-11 | 840 | ശ്രീമതി.സി.എൻ.രാധാമണി, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 31,42,103 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-8 – 1,12,642/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫിലിപ്പ് വി.എൻ , സെക്രട്ടറി | റിട്ടയേർഡ് | വൈസിനാട് വീട്, മഞ്ഞപ്പാറ |
| ശ്രീ.ജയകുമാരൻ,വി,ഇ,ഒ | വി.ഇ.ഒ,ഏഴംകുളം | കൃഷ്ണശ്രീ,നന്ദിയോട്, പാലോട് |
| ശ്രീ.വൈശാഖൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുളത്തുപ്പുഴ | ശ്രീ വൈശാഖം, മഹാദേവേശ്വരം, കിളിമാനൂർ.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 | എൽ.എഫ്.ക്യൂ.പി4/150/97/19.01.2000 |
| 1997-98 | എൽ.എഫ്.ക്യൂ.പി4/1139/98/14.10.1999 |
| 1998-99 | എൽ.എഫ്.ക്യൂ.പി4/1427/99/05.09.2000 |
| 1999-2000 | എൽ.എഫ്.ക്യൂ.പി4/1099/03/16.03.2004 |
| 2000-01 | എൽ.എഫ്.ക്യൂ.പി4/591/04/14.10.2004 |
| 2001-02 | എൽ.എഫ്.ക്യൂ.പി4/1420/04/18.01.2005 |
| 2002-03 | എൽ.എഫ്.ക്യൂ.പി4/694/04/28.04.2005 |
| 2003-04 | എൽ.എഫ്.ക്യൂ.പി4/447/07/30.03.2007 |
| 2004-05 | എൽ.എഫ്.ക്യൂ.പി4/448/07/30.03.2007 |
| 2005-06 | എൽ.എഫ്.ക്യൂ.പെൻ-96(1)/09/03.02.2009 |
| 2006-07 | എൽ.എഫ്.ക്യൂ.പെൻ/86/09/03.02.2009 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1182/11/07.12.2011 |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1325/2014/19.06.2014 |
| 2009-10 | എൽ.എഫ്.ക്യൂ.പി4/1325/2014/19.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി4/735/12/30.04.2013 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി4/2500/2013/23.07.2014 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി4/805/2016/ 28.5.2016 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി4/805/2016/ 28.5.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

## 4-10 സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി-1/1804/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –31/10/2017

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.